# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1710 — 03/05/2017-ൽ മറുപടിക്ക്

## ആയുർവേദമരുന്നുകളുടെ പരസ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.ജെ. മാക്സി<br>,, പി.വി. അൻവർ<br>,, ഡി.കെ. മുരളി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പൊതുജനങ്ങളെ വളരെയധികം തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മരുന്നുകളുടെ, പ്രത്യേകിച്ചും ആയുർവേദമരുന്നുകളുടെ പരസ്യങ്ങൾ പത്രദൃശ്യമാധ്യമങ്ങളിൽ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. പരസ്യ നിയമ ലംഘനത്തിനെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ നടപടി സ്വീകരിച്ച 142 കേസുകൾ കേരളത്തിലെ വിവിധ കോടതികളിൽ നടന്നുവരുന്നു. പരസ്യ നിയമത്തിന്റെ കീഴിൽ വരുന്ന 56 രോഗങ്ങളുടെ പേര് അലോപ്പതി നാമങ്ങൾ ആയതിനാലും ടി രോഗങ്ങളിൽ ഉൾപ്പെടാത്ത മറ്റു രോഗങ്ങളും ആയുർവേദ പേരുകളും ചേർത്ത് നിയമത്തിന്റെ ചില പഴുതുകൾ ഉപയോഗിച്ചുകൊണ്ട് പരസ്യങ്ങൾ ചെയ്തുവരുന്നുണ്ട്. മാത്രമല്ല പരസ്യ നിയമ ലംഘനത്തിന്റെ ശിക്ഷ വളരെ പരിമിതമായതിനാൽ ഇത് ആവർത്തിക്കാനുള്ള പ്രവണതയും കണ്ടുവരുന്നു. ആയതിനാലാണ് ഇത്തരത്തിലുള്ള പരസ്യങ്ങളെ പൂർണ്ണമായി നിയന്ത്രിക്കാൻ സാധിക്കാതെ വരുന്നത്. |
| ബി) | ഇത്തരം പരസ്യങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് കഴിയാതെ പോകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | |
| സി) | പരസ്യങ്ങൾ വഴി ഇത്തരം മരുന്നുകൾ വിൽക്കുന്ന ഔഷധ നിർമ്മാതാക്കൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും സംസ്ഥാനത്ത് ആയുർവേദ മരുന്നുകളുടെ ഗുണനിലവാരപരിശോധന കർശനമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) | ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെൻറ്) ആക്ട് 1954 പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് മരുന്നുകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ സഹായത്തോടുകൂടി പരിശോധനാ വിഭാഗത്തിൽ അധികമായി |

അനലിസ്റ്റുകളെ നിയമിക്കുന്നതിനും നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**